
GHSS Puthiyakavu

## ഗവ: എച്ച്. എസ്. എസ് പുതിയകാവ്
**വടക്കേക്കര പി ഒ, എൻ പറവൂർ**

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 – 2026

## School code: 25059
## Sub District: N. Paravur

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | |
| മികവുകൾ | |
| മലയാളം | |
| ഇംഗ്ലീഷ് | |
| ഹിന്ദി | |
| അറബിക് | |
| അടിസ്ഥാന ശാസ്ത്രം | |
| സാമൂഹ്യശാസ്ത്രം | |
| ഗണിതം | |
| ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ് | |
| ആരോഗ്യ കായിക വിദ്യാഭ്യാസം | |
| തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | |
| സ്കൂൾതല മാസ്റ്റർ പ്ലാൻ | |

# ആമുഖം

1911 ൽ മൂന്ന് കുടുംബങ്ങളുടെ കാരണവന്മാർ ചേർന്ന് ആരംഭിച്ച രണ്ട് പ്രൈമറി വിദ്യാലയങ്ങളിൽ ആൺകുട്ടികൾക്ക് വേണ്ടി സ്ഥാപിച്ച ലോവർ ഗ്രേഡ് ഇംഗ്ലീഷ് ബോയ്സ് സ്കൂൾ ആണ് ഇന്നത്തെ പുതിയകാവ് ജി.എച്ച്.എസ്.എസ്. 1911 ൽ തുടങ്ങിയ സ്കൂൾ 1917 ൽ ഗവൺമെന്റ് ഏറ്റെടുത്തു. പിന്നീട് 1938 ൽ അപ്പർപ്രൈമറിയായും, 1978 ൽ ഹൈസ്ക്കൂളായും 2004 ൽ ഹയർസെക്കന്ററി സ്ക്കൂളായും അപ്ഗ്രേഡ് ചെയ്യപ്പെട്ട ഈ വിദ്യാലയം ജില്ലാ പഞ്ചായത്തിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്.

അതിന് മുൻപ് സ്വകാര്യ സ്ക്കൂളായി നിലനിന്നിരുന്ന കാലത്ത് കുടുംബസ്വത്തായിരുന്ന ക്ഷേത്ര വരുമാനത്തിന്റെ ഒരു പങ്ക് സ്കൂൾ നടത്തിപ്പ് ചെലവിലേയ്ക്കായി ആധാരത്തിൽത്തന്നെ വ്യവസ്ഥ ചെയ്തിരുന്നു.

ആയിരംവർഷങ്ങൾക്ക് മുൻപ് ബി.സി.കാലഘട്ടത്തിൽ തന്നെ ലോകത്തിന്റെ നാനാ ഭാഗങ്ങളുമായി വ്യാപാര സാംസ്കാരിക ബന്ധങ്ങളുണ്ടായിരുന്നുവെന്നതിനും സാംസ്കാര സമ്പന്നമായ ഒരു സംസ്കൃതി ഇവിടെ നിലനിന്നിരുന്നുവെന്നതിനും ലോകം അംഗീകരിച്ച തെളിവുകൾ ഉദ്ഖനനത്തിലൂടെ കണ്ടെത്തിയ മുസരീസ് പട്ടണത്തിന് തൊട്ടടുത്താണ് പുതിയകാവ് ജി.എച്ച്.എസ്.എസ് സ്ഥിതി ചെയ്യുന്നത്. മുസ്രിസ് പട്ടണമുൾപ്പെടുന്ന ചിറ്റാറ്റുകര പഞ്ചായത്തിലും തൊട്ടടുത്ത വടക്കേക്കര പഞ്ചായത്തിലും കൂടി ഗവൺമെന്റ് ഹൈസ്ക്കൂളില്ലാത്തതിനാൽ രണ്ട് പഞ്ചായത്തുകളിലെയും വിദ്യാർത്ഥികൾ ആശ്രയിക്കുന്ന ഏക സർക്കാർ ഹൈസ്ക്കൂളാണ് പുതിയകാവിലേത്.

പ്രീപ്രൈമറി വിഭാഗം മുതൽ 10 -ാം ക്ലാസ്സ് വരെ 395 കുട്ടികൾ ഈ സ്ക്കൂളിൽ പഠിക്കുന്നു. മത്സ്യബന്ധന തൊഴിലാളികളുടെയും കയർ തൊഴിലാളികളുടെയും സാധാരണ തൊഴിലാളികളുടെയും മക്കളാണ് വിദ്യാർത്ഥികളിൽ ഏറിയ പങ്കും. പ്രതികൂല കുടുംബ സാഹചര്യങ്ങൾ വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ബാധിക്കുന്നുണ്ടെങ്കിലും അധ്യാപകരുടെ അശ്രാന്ത പരിശ്രമങ്ങൾ കൊണ്ട് 100% വിജയം ഇക്കഴിഞ്ഞ വർഷങ്ങളിലെല്ലാം നേടാനായി.

വളരെ നന്നായി പ്രവർത്തിക്കുന്ന NCC, JRC, വോളിബോൾ ടീം എന്നിവയും നാളെയുടെ വാഗ്ദാനമായി മാറാൻ കഴിയുന്ന കായിക പ്രതിഭകളും സ്ക്കൂളിന്റെ നേട്ടങ്ങളാണ്. ശാസ്ത്ര വിഷയങ്ങൾക്ക് ശാസ്ത്രപോഷിണി ലാബുകളുണ്ട്. സ്ക്കൂൾ കെട്ടിടങ്ങൾ പഴയതാണ്.കുട്ടികൾക്ക് വാഹന സൗകര്യം ലഭ്യമാണ്.

പറവൂർ എം.എൽ.എ.ശ്രീ.വി.ഡി.സതീശൻ അവർകൾ 3 കോടി രൂപ ചെലവിൽ ഒരു പുതിയ കെട്ടിടം സ്ക്കൂളിനായി വാഗ് ദാനം ചെയ്തിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

1. ശ്രദ്ധ, നവപ്രഭ,മലയാള തിളക്കം, ഹലോ ഇംഗീഷ് എന്നിവപോലെ എല്ലാ വർഷവും വർഷത്തിൽ രണ്ടു പ്രാവശ്യം വീതം പാദവർഷ പരീക്ഷകൾക്ക് ശേഷം മാർക്ക് കുറഞ്ഞ വിദ്യാർത്ഥികൾക്ക് പ്രത്യേകം പരിശീലനം നൽകും. ഇത് വിദ്യാർത്ഥികൾ ആരും ലക്ഷ്യം നേടാതെ പിന്നോക്കം പോവുന്നില്ലെന്നത് ഉറപ്പുവരുത്തും.

2.എൽ.പി,യു.പി, ഘട്ടങ്ങളിൽ കഴിയുന്ന വിദ്യാർത്ഥികൾക്ക് എഴുത്ത് പരീക്ഷാ ഗ്രേഡിംഗ് രേഖപ്പെടുത്തിയ പ്രോഗ്രസ് റിപ്പോർട്ടിനൊപ്പം കുട്ടിയുടെ അഭിരുചി, പെരുമാറ്റം, അറിവ്, കഴിവ്, എന്നിവയെക്കുറിച്ച് രക്ഷകർത്താവിന് ധാരണ നൽകുന്ന റിപ്പോർട്ടും ഉൾപ്പെടുത്തും. കൂടുതൽ മെച്ചപ്പെട്ടതും അഭിന്ദിക്കപ്പെടേണ്ടതുമായ കുട്ടികളുണ്ടെങ്കിൽ പൊതു സമൂഹ സമക്ഷത്തിൽ അതിനുള്ള വേദിയൊരുക്കും.

3.<u>സർഗോത്സവം</u>

സർഗ്ഗോത്സവം ഈ വർഷം തന്നെ സ്ക്കൂളിൽ ഭംഗിയായി നടന്നു. വർഷം തോറും നടത്തി വരുന്നു. ഇക്കൊല്ലം, കഥാകഥനം, കവിത, നാടകം, നൃത്തം, എന്നീ ഇനങ്ങളിലായി 56 ഇനങ്ങളാണ് ഈ ജനുവരി 12 ന് നടന്ന ആനിവേഴ് സറിയുടെ ഭാഗമായി നടത്തിയ സർഗ്ഗോത്സവത്തിൽ അരങ്ങേറിയത്.

4. സയൻസ് ക്ലബ്ബ്, ശാസ്ത്ര പ്രദർശനങ്ങൾ, ശാസ്ത്ര പരീക്ഷണങ്ങൾ, ശാസ്ത്രോപകരണ നിർമ്മാണം (ശാസ്ത്രോത്സവം) എന്നിവ ഭംഗിയായി നടക്കുന്നു. പഞ്ചായത്ത് തല ശാസ്ത്രോത്സവ ഉദ്ഘാടനവും ഞങ്ങളുടെ സ്ക്കൂളിൽ വച്ചായിരുന്നു.

നിലവിൽ ബയോഗ്യാസ് പ്ലാന്റ് ഉണ്ടെങ്കിലും അതിപ്പോൾ പ്രവർത്തന രഹിതമാണ്. പ്രവർത്തന സജ്ജമാക്കാൻ നടത്തിയ ശ്രമങ്ങൾ ഇതുവരെയും വിജയിച്ചിട്ടില്ല.

മാലിന്യ നിർമാമർജ്ജന സംവിധാനങ്ങൾ നമ്മൾക്ക് നിലവില്ലെങ്കിലും ഉടൻ തന്നെ അത്തരമൊരു സംവിധാനം ഒരുക്കാൻ നമ്മൾ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.ജൈവ വൈവിധ്യ പാർക്കിന്റെ നിർമ്മാണം 10 ദിവസത്തിനുള്ളിൽ പൂർത്തിയാവും.

ജൈവ കൃഷി വർഷങ്ങളായി നല്ല രീതിയിൽ നടക്കുന്നു. കുട്ടികൾക്ക് ഉത്സാഹവും കാർഷികാഭിരുചിയും വളരുന്നതോടൊപ്പം ഗുണമേന്മയുള്ള പച്ചക്കറി വിളയിക്കാനും സാധിക്കുന്നു. ഇത് കുട്ടികളിൽ ജീവിതത്തിന്റെ ഭാഗമായിത്തന്നെ കാർഷിക സംസ്കാരം സ്ഥാനം പിടിക്കാനുള്ള സാധ്യതകൾ ഒരുക്കുന്നു.

## പൊതു ലക്ഷ്യങ്ങൾ

സ്ക്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന ഉറപ്പുവരുത്തും.

ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷകർത്താക്കളടക്കമുള്ള സമൂഹത്തെ  അറിയിക്കും.

കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോൽസാഹിപ്പിച്ച് ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

പരിസ്ഥിതി സൗഹാർദ്ദ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കും.

ലഹരി വിമുക്ത വിദ്യാലയം വിഭാവനം ചെയ്യുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു വിദ്യാലയം എന്ന നിലയിൽ 2026 ആകുമ്പോഴേക്കും വിദ്യാഭ്യാസപരമായും സാംസ്കാരികമായും സാമൂഹികമായും ഉന്നത നിലവാരം പുലർത്തുന്ന ഒരു പുതുതലമുറയെ വാർത്തെടുക്കുക എന്നതായിരിക്കും നമ്മുടെ ലക്ഷ്യം.

സാമൂഹിക പ്രതിബന്ധതയുള്ളതും ദേശസ്നേഹമുള്ളതും മതേതര ജനാധിപത്യ ചിന്താഗതികളുമുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക,ജൈവ വൈവിധ്യ ഉദ്യാനത്തോടു കൂടിയതും, ഔഷധോദ്യാനത്താൽ സമൃദ്ധമാക്കപ്പെട്ടതും ആയ വിദ്യാലയ അന്തരീക്ഷമാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്.

| ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പുതിയകാവ്<br>അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26– എസ് എസ് എൽ സി റിസൽട്ട് കഴിഞ്ഞ 10 വർഷങ്ങളിൽ | | | | |
|---|---|---|---|---|
| വർഷം | എഴുതിയവർ | വിജയിച്ചവർ | എ പ്ലസ് | വിജയ ശതമാനം |
| 2015 - 2016 | 99 | 98 | 2 | 98.9 |
| 2016 - 2017 | 81 | 79 | 1 | 97.5 |
| 2017 - 2018 | 85 | 85 | 12 | 100 |
| 2018 - 2019 | 64 | 63 | 8 | 98.4 |
| 2019 - 2020 | 72 | 72 | 14 | 100 |
| 2020 - 2021 | 76 | 75 | 18 | 98.7 |
| 2021 - 2022 | 72 | 72 | 4 | 100 |
| 2022 - 2023 | 72 | 72 | 14 | 100 |
| 2023 - 2024 | 82 | 82 | 17 | 100 |
| 2024 - 2025 | 74 | 74 | 8 | 100 |

## 7 വർഷത്തെ Lss, uss റിസൾട്ട്

| അക്കാദമിക വർഷം | LSS ലഭിച്ച കുട്ടികളുടെ എണ്ണം | USS ലഭിച്ച കുട്ടികളുടെ എണ്ണം |
|---|---|---|
| 2018-2019 | 3 | 1 |
| 2019-2020 | 2 | 1 |
| 2020-2021 | 2 | 4 |
| 2021-2022 | 2 | 3 |
| 2022-2023 | - | 3 |
| 2023-2024 | 2 | - |
| 2024-2025 | - | 8 |

## മേഖല- മലയാളം- ഹൈസ്കൂൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേക പരിശീലനം വഴി അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിഞ്ഞ് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക | മുന്നറിയിപ്പ് പരീക്ഷ നടത്തി ഫലം വിശകലനം ചെയ്ത് ഒരേ നിലവാരത്തിലുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം തുടരുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ<br>എല്ലാദിവസവും | മലയാള ം അധ്യാപകർ | PTA |
| തെറ്റുകൂടാതെ വായിക്കുന്നതിനും വായിച്ച് ആശയങ്ങളും മനസ്സിലാക്കുന്നതിനും കഴിവ് നേടൽ | പത്രവായന, ആനുകാലികങ്ങൾ, വായനാമൂല, ക്ലാസ് ലൈബ്രറി,<br>അസംബ്ലിയിൽ വായനക്കുറിപ്പ് അവതരിപ്പിക്കുന്നു, പുതിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു | മാസത്തിലൊരിക്കൽ | മലയാള അധ്യാപകർ | PTA |
| ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നതിന് | കഥാരചന കവിത രചന ശില്പശാലകൾ | അക്കാദമിക വർഷം | മലയാളം ക്ലബ്ബ് | |
| കുട്ടികളിൽ സർഗാത്മകത വളർത്തൽ | വായനാക്കൂട്ടം,കയ്യെഴുത്തു മാസിക, ആസ്വാദനം തയ്യാറാക്കാം | ക്ലാസ് റൂം പ്രവർത്തനങ്ങൾ | മലയാളം ക്ലബ്ബ് മലയാളം അധ്യാപകർ | |
| ഭാഷാ വ്യവഹാരങ്ങളുടെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് സർഗാത്മക രചനയിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തിയവർക്ക് സമൂഹത്തിന് | കഥാരചന, കവിതാരചന, പ്രസംഗം, അഭിനയക്കൂട്ടം, പാട്ട് കൂട്ടം, ആസ്വാദനം തുടങ്ങിയ മത്സരങ്ങൾ നടത്തി വിജയികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ<br>ജൂൺ മുതൽ ഫെബ്രുവരി വരെ | മലയാള അധ്യാപകർ വിദ്യാരംഗം | PTA |

| | | | | |
|---|---|---|---|---|
| ഉയർന്ന സാഹചര്യം ഒരുക്കി കൊടുക്കുക<br>വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുന്നു | സാഹിത്യകാരന്മാർ, സാഹിത്യ ശാഖകൾ, വായന അനുഭവങ്ങൾ പങ്കുവെക്കൽ, വായനക്കുറിപ്പ്, പതിപ്പ് തയ്യാറാക്കൽ, ദിനാചരണങ്ങൾ, അസംബ്ലിയിൽ പുസ്തക പരിചയം | | കലാസാഹിത്യ വേദി<br><br>ക്ലാസ് അധ്യാപകർ | |

**മേഖല -മലയാളം-യു. പി**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളഭാഷ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേക പരിശീലനം വഴി അക്ഷരങ്ങളും ജിന്നുകളും തിരിച്ചറിഞ്ഞ് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക<br><br>ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയസം വേദന എടുത്താലും പദസമ്പത്ത് വർദ്ധിപ്പിക്കാനും പഠിതാക്കളെ പ്രാപ്തരാക്കുക<br><br>പഠിതാവിന്റെ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു | മൂന്നറിയിപ്പ് പരീക്ഷ നടത്തി ബലം വിശകലനം ചെയ്ത് ഒരേ നിലവാരത്തിലുള്ള കുട്ടികളെ കണ്ടെത്തി<br><br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു(കഥ, കവിത, യാത്രവിവരണം…) | ജൂൺ മുതൽ ഫെബ്രുവരി വരെ<br><br>ജൂൺ<br><br>എല്ലാ ദിവസവും | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ | പി. ടി. എ |

| | | | | |
|---|---|---|---|---|
| വായനയുടെ താൽപര്യം വർദ്ധിപ്പിക്കുന്നതിന്<br><br>മലയാളം ടൈപ്പിംഗ് പരിശീലനം നേടിയെടുക്കാനും സർഗാത്മ ശേഷി വളർത്താനും | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു<br><br>ബുക്ക് റിവ്യൂ, ആസ്വാദനക്കുറിപ്പ് എന്നിവ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു<br><br>മുഴുവൻ കുട്ടികളെയും മലയാളം ടൈപ്പിംഗ് പരിശീലിപ്പിക്കുകയും ഈ മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു | മാസത്തിലൊരിക്കൽ<br><br>രണ്ടുവർഷം | മലയാളം അധ്യാപകർ<br><br>മലയാളം ക്ലബ്ബ്, മലയാള അധ്യാപകർ മലയാളം അധ്യാപകർ, ഐടി അധ്യാപകർ | |

**<u>മേഖല -അക്കാദമികം</u>**

**<u>ഉപമേഖല- ഭാഷ</u>**

<u>ക്ലാസ്-1</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായികുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്റ്റംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ | SMC |

| | | | | |
|---|---|---|---|---|
| | 2) അമ്മ പറയട്ടെ<br><br>അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ<br>ഡിസംബർ<br>ജനുവരി<br>മാസത്തിലൊരിക്കൽ | SRG<br><br>SMC<br>സ്കൂൾ വികസന സമിതി<br><br>ക്ലാസ് ടീച്ചർ<br><br>SRG<br>മദർ പി.ടി. എ | മദർ പി.ടി.എ |

മേഖല– അക്കാദമികം

ഉപമേഖല –

ക്ലാസ് – ll

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചന ക്യാമ്പുകൾ<br>2) ലഘുപതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ നവംബർ<br><br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി ടി എ,<br>സ്റ്റാഫ് | മദർ പി ടി എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാ ശിൽപ്പശാല, കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനവരി | SMC അധ്യാപകർ<br>ക്ലബ്ബുകൾ പ്രമുഖ വ്യക്തികൾ | SRG<br>SMC |

**മേഖല - അക്കാദമികം**

**ഉപ മേഖല - ഭാഷ**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അധ്യാപകർ<br>SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ<br>ഡിസംബർ | അധ്യാപകർ<br>SMC | |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി. ടി. എ<br>ക്ലബ്ബുകൾ | SMC |
| വായനാ പരിപോഷണം | 1)പൊതുസമൂഹവുമായി ബന്ധപ്പെട്ട പുസ്തക ശേഖരണം | നവംബർ | വായനശാല<br>SMC<br>SRG | ക്ലബ്ബ്<br>SMC<br>SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന – പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്റ്റ് | ക്ലബ്ബുകൾ<br>സാഹിത്യ ക്ലബ്ബ് | വായനശാല |

മലയാള ഭാഷ (std IV)

മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായപിന്നോക്കാവസ്ഥ പരിഹരിക്കും | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |

വായിക്കാം വളരാം

| | | | | |
|---|---|---|---|---|
| വായനശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ -<br>പുസ്തകപരിചയം<br>വായനക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലികവായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |

എഴുതാം തെളിയാം

| | | | | |
|---|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | SRG<br>Class Teacher | PTA |

**എഴുത്തുകാരുമായി സംവദിക്കൽ**

| | | | | |
|---|---|---|---|---|
| ലേഖനശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംഗദിക്കൽ | ആവശ്യാ നുസരണം | Class Teacher | |

**കണ്ടറിയാം...കേട്ടറിയാം...**

| | | | | |
|---|---|---|---|---|
| അറിവ് ഡോക്യുമെന്ററിലൂടെ നേടി (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ClassTeacher | PTA |

**രുചിച്ചറിയാം**

| | | | | |
|---|---|---|---|---|
| നമ്മുടെ പ്രാചീന (നാടൻ )ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള- പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം.<br>ക്ലാസ്സിൽ ഒരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |

**ഓർക്കാം-അഭിമാനിക്കാം(സാഹിത്യകാരന്മാർ)**

| | | | | |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>അടുത്തറിയൽ ഓർമ്മ ദിനങ്ങൾ ആചരിക്കൽ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ -<br>ഡോക്യുമെന്ററി പ്രദർശനം-<br>പുസ്തകപരിചയം -<br>ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | SRG<br>ClassTeacher<br>CPTA | |

**കലക്കൂട്ട്**

| | | | | |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ- നേരിട്ടറിയൽ | പ്രദേശിവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |

**സർഗോത്സവം**

| | | | | |
|---|---|---|---|---|
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേരിയശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

## മേഖല- ഇംഗ്ലീഷ്- ഹൈസ്കൂൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | ഇംഗ്ലീഷ് കോർണർ സ്റ്റോറി ടൈം ഇംഗ്ലീഷ് അസംബ്ലി | ക്ലാസ് റൂം പ്രവർത്തനങ്ങൾ | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | റോൾപ്ലേ, ഇംഗ്ലീഷ് ആചരണം, സെമിനാർ ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തെരഞ്ഞെടുത്ത് കൊറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| സ്വാതന്ത്ര്യ വായനയ്ക്ക് സജ്ജരാക്കുക | സ്കൂൾ ഇംഗ്ലീഷ് വോയിസ്, അക്ഷര കാർഡ്, പദ കാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | | |
| സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | പബ്ലിക് സ്പീക്കിംഗ്, സിമ്പിൾ ഗെയിംസ്, ഇംഗ്ലീഷ് പത്രവായന, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, നോസ് റീഡിങ് | ക്ലാസ് റൂം പ്രവർത്തനങ്ങൾ ക്ലാസ് പ്രവർത്തനങ്ങൾ | എസ്ആർജി, ടീച്ചേർസ് ഇംഗ്ലീഷ് അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| നാടകീകരണം<br><br>കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു<br><br>സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുന്നു | കോമ്പറ്റീഷൻസ്<br>സ്കിറ്റ്, puppet show<br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി puppet show, skit തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു<br><br>ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br>കവിതാ രചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു<br>BOOK REVIEWS<br>മാഗസിൻ<br><br>ഇംഗ്ലീഷ് ഫസ്റ്റ്,<br>ഇംഗ്ലീഷ് ഫിലിം കാണാനുള്ള അവസരം | വർഷത്തിലൊരിക്കൽ<br><br>അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്<br>PTA<br><br>ഇംഗ്ലീഷ് ക്ലബ്ബ് | |

**മേഖല- ഇംഗ്ലീഷ്- യു പി**

In UP section most of the learners can read English but they can’t write English. They have good listening skill. They are very poor in communicating in English because of lack of confidence.

| AIM | ACTIVITIES | PERIOD | DUTY | FINANCIAL SUPPORT |
|---|---|---|---|---|
| To develop writing and reading skill | 1. Compulsory for line writing<br>2. Setting up English corner with | June | English teacher<br>English teacher with SRG | |

| | | | | |
|---|---|---|---|---|
| | lots of small English story | June | | Old students |
| | | | English teacher | PTA |
| | 3. Word game activity | July | English teachr&class teacher | Sponsors |
| | 4. English assembly | July | | |
| | 5. Diary entry | July onwards | English teacher | |
| | 6. Describing objects | August onwards | English teacher& class teacher | |
| | 7. Newspaper reading | August | | |
| | 8. Reading and writing competition | | | |
| | 9. English library | 2 year | School level committees | |
| | 1.story telling | September onwards | English teacher | |
| | 2.English videos | October onwards | English Teacher | |
| | | | | Old students |
| | 1.Sentence making game | October onwards | English teacher&class teacher | PTA |
| | 2. Story writing | | | |
| To increase listening skill | 3.Regular speaking practices | | English teacher | Sponsors |
| | 4.Language partner | | | |
| | 5.Maximum exposure to English | | Learners | |
| To make learners confident | | | | |

| | | | | |
|---|---|---|---|---|
| in using English language.<br><br>To develop communicative skill | 1.Role plays<br>2.Skit preparation<br>3.Singing English songs<br>4.conversation<br>5.conduct debates<br>6.Script writing based on stories | November<br>November<br>November, December<br>November, december<br>November, December<br>January, February | English teacher &class teacher<br>English teacher & SRG<br>English teacher & SRG<br>English teacher & class teacher<br>English teacher &class teacher<br>English teacher & class teacher<br>English teacher | |

**മേഖല- അക്കാദമികം**

**ഉപമേഖല- ഇംഗ്ലീഷ്**

**ക്ലാസ്- I**

| ലക്ഷ്യം | പ്രവർത്തനം | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമ പ്രദർശനം<br>Language games | മാസത്തിലൊന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher | SSA |

**മേഖല- അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ് - II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷാ സംസാരിക്കുവാനുള്ള അവസരം ഒരുക്കൽ | Let's talk... പ്രതിഭാധനരുമായി സംവദിക്കൽ<br>English ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്നുമാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | SSA |

**മേഖല - അക്കാദമികം**

**ഉപ മേഖല - ഇംഗ്ലീഷ്**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന ആശയം അറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം<br><br>വാർത്താ വായന മത്സരം സംഘടിപ്പിക്കൽ<br><br>വായന ക്യാമ്പുകൾ<br><br>ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ- മാർച്ച്<br><br>മാസത്തിൽ 1<br><br>മൂന്നുമാസത്തിലൊന്ന്<br><br>ജൂൺ- മാർച്ച് | അധ്യാപകർ<br>PTA<br><br>അധ്യാപകർ<br><br>SSA<br><br>അധ്യാപകർ | SSA<br><br>SRG<br><br>SMC<br><br>SSA<br><br>SMC |

# English - std IV

## ഇംഗ്ലീഷ് അസംബ്ലി ( ഇംഗ്ലീഷ് ഭാഷാ പഠനം )

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി ചേരൽ( അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

ഇംഗ്ലീഷ് ഡയറി ( ഇംഗ്ലീഷ് ഭാഷാ പഠനം)

| | | | | |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു | ആഴ്ചയിൽ മൂന്ന് ദിവസം<br>( വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |

## ഇംഗ്ലീഷ് തീയേറ്റർ ( ഇംഗ്ലീഷ് ഭാഷ പഠനം )

| | | | | |
|---|---|---|---|---|
| സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ( skit, drama, conversation, story telling) | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | SMC |

ഇംഗ്ലീഷ് മാഗസിൻ

| | | | | |
|---|---|---|---|---|
| സർഗാത്മകത രചന ശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | | HM | |

| | | | | |
|---|---|---|---|---|
| | | മൂന്നുമാസത്തിലൊരിക്കൽ | Class Teaher<br>SMC | SMC |

ഇംഗ്ലീഷ് കൈയെഴുത്ത്

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | സ്കൂളിലെ വിശേഷദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിൽ ഒന്ന് | ക്ലാസ്സ്ടീച്ചർ | PTA |

ഇംഗ്ലീഷ് കോർണർ

| | | | | |
|---|---|---|---|---|
| വായന<br>പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനാക്കുറിപ്പ്<br>പുസ്തകപരിചയം | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |

ഇംഗ്ലീഷ് ഫെസ്റ്റ്

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ ( ഇംഗ്ലീഷ് ഭാഷാ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ ) | വായനാ മത്സരം,രചന മത്സരം<br>മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെഅവതരണം | അവധിക്കാലം | ClassTeacher<br>CPTA | CPTA |

**<u>മേഖല- ഹിന്ദി-യു. പി</u>**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ<br><br>വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | അക്ഷരം,എഴുത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷര card, വാക്കുകൾ എഴുതിയ കാർഡ്, ക്ലാസ്സിൽ അക്ഷരമാല പ്രദർശിപ്പിക്കൽ , ഓൺലൈൻ അക്ഷരമാല കളികൾ<br><br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾനിർമ്മാണം<br>വാക്യങ്ങളുടെ നിർമ്മാണം<br><br>വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങളുടെ വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br><br>ഐസിടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപകർ | |
| <u>ദിനാചരണങ്ങൾ</u><br>ഹിന്ദി ദിനത്തോടനുബന്ധിച്ച് ഹിന്ദിയിൽ ആശയവിനിമയം നടത്താനും ഹിന്ദിയെ അടുത്തറിയാനുമുള്ള അവസരം സൃഷ്ടിക്കാം | ഹിന്ദി അസംബ്ലി<br><br>സ്കൂൾ കോമ്പൗണ്ടിലെ വസ്തുക്കൾക്ക് Name tag നല്കാൻ കുട്ടികൾക്ക് അവസരം കൊടുക്കാം | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| പ്രകടിപ്പിക്കാനും സർഗാത്മക ചിന്തകൾ വികസിപ്പിക്കാനുള്ള അവസരം | ക്ലാസ് ലൈബ്രറി<br>ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>ചിത്രം-അടിക്കുറിപ്പ് തയ്യാറാക്കൽ<br>ചിത്രം- കഥ പറയൽ<br>ചിത്രം- കഥയെഴുതൽ<br>കഥ ബാക്കിയെഴുതൽ | നവംബർ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

**മേഖല- ഹിന്ദി- ഹൈസ്കൂൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹൈസ്കൂൾ തലത്തിൽ രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നല്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| കുട്ടികൾക്ക് ശബ്ദ നിർമിതി അനായാസമാക്കുന്നു. | ശബ്ദ നിർമിതി കുറ്റമറ്റതാക്കാൻ ഹിന്ദി ടൈപ്പിംഗ് പഠിക്കുന്നതിലൂടെ സാധ്യമാകുന്നു | ഒരു മാസം | ലിറ്റിൽ കൈറ്റ്സ് | |
| മാതൃഭാഷയെപോലെ തന്നെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക | മാസത്തിൽ ഒരു അസംബ്ലി ഹിന്ദിയിൽ | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| വിവർത്തനം, വാർത്താ വായന, പ്രസാധക കുറിപ്പ്, ജേർണലിസം തുടങ്ങിയ ജോലി സാധ്യതക്കായി കുട്ടികളെ പ്രാപ്തരാക്കുക | അതിന്റെ അനന്ത സാധ്യതകളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനായി പുസ്തക പരിചയം പോലുള്ള പ്രവത്തനങ്ങൾ സംഘടിപ്പിക്കും | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |

**മേഖല- അറബിക്**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച ആശയ വിനിമയ ശേഷയുള്ള വിദ്യാർത്ഥി കളെ വാർത്തെടുക്കലും അവരെ മുഖ്യധാരയിലേ ക്ക് ഉയർത്തിക്കൊണ്ട് വരവും. | ഭാഷാശേഷി സ്വായത്തമാക്ക ന്നതിൽ പുറകിൽ നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. | ജൂൺ | അറബിക് അധ്യാപകർ | |
| അറബി മാധ്യമത്തിലൂടെ സമൂഹത്തിൽ ക്രിയാത്മക പ്രവർത്തനങ്ങൾ നടത്തു ന്നതിനും തടടിസ്ഥാനത്തി ലുള്ള ഇടപെടൽ നടത്തുന്ന തനും പ്രാപ്തരായ വിദ്യാർ ത്ഥകളെ വാർത്തെടുക്കൽ. | ഓരോവിദ്യാർത്ഥികളെയും ഓരോ യൂണിറ്റായ പരിഗണിച്ച് ഓഷയുടെ അടസ്ഥാനങ്ങൾ പഠിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നു. | ജൂലൈ ആദ്യവാരം | അറബിക് അധ്യാപകർ | |
| സാമൂഹിക ചിന്തയെ ഉദീപപ്പക്കുന്ന രൂപത്തിലു ള്ള പ്രതിഭാ സമ്പന്നരെ സൃഷ്ടിച്ചെക്കൽ. | വായനയുടെയും എഴുത്തിന്റെ യും നിലവാരം മെച്ചപ്പെടുത്തതി നുള്ള പ്രവർത്തനങ്ങൾ കണ്ട ത്തി നൽകുന്നു. | ജൂലൈ | അറബിക് അധ്യാപകർ | |
| മുഴുവൻ കുട്ടികളും അറബി ഭാഷ സ്വായത്തമാക്കുന്ന രൂപത്തിൽ അവരുടെ എഴുത്ത്, വായന എന്നിവ | ഭാഷാ ശേഷിയിൽ ഉന്നത നില വാരം പുലർത്തുന്ന വിദ്യാർത്ഥി കൾക്കായി (വായനക്ക്)അറബി ക്ക് ഡെയ് ലി ന്യൂസ് പേപ്പർ | ജൂലൈ | അറബിക് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| യിലുള്ള ശേഷീ വികാസ പ്രക്രിയ ഫലപ്രദമായി നടപ്പിലാക്കൽ | നൽകുന്നു. | | | |
| | അറബിക് ചാനലുകളിലെ ശ്രദ്ധേയമായ പ്രസംഗങ്ങളും, ചർച്ചാ സംവാദങ്ങളും കുട്ടികളെ കേൾപ്പിക്കുന്നു. | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ യുള്ള മാസങ്ങളി ലെ അവസാന വാരങ്ങളിൽ | അറബിക് അധ്യാപകർ | |
| | അറബിക് റേഡിയോ സംഭാഷ ണങ്ങൾ കേൾപ്പിക്കുന്നു. | ആഗസ്റ്റ് മാസത്തിലെ ആദ്യ വാരത്തിൽ | അറബിക് അധ്യാപകർ | |
| | മോഡേൺ അറബിക് സംജ്ഞകളെയും സങ്കേതങ്ങളെ യും പരിചയപ്പെടുത്തുന്നു. | സെപ്റ്റംബർ | അറബിക് അധ്യാപകർ | |
| | ക്ലാസ്സുകളിൽ അറബിക് ഡിബേറ്റ് സംഘടിപ്പിക്കുന്നു. | ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങ ളിലെ ചില പ്രത്യേക | അറബിക് അധ്യാപകർ | |
| | അന്താരാഷ്ട്ര നിലവാരത്തിലുള്ള ഭാഷാതല ചർച്ചാ സദസ്സുകളിൽ പങ്കെടുപ്പിക്കുന്നു. | തനത് കാലയളവിൽ | അറബിക് അധ്യാപകർ | |
| | അധ്യാപന മാധ്യമം അറബി ഭാഷയിലധിഷ്ഠിതമാക്കുന്നു. | നിരന്തരം | അറബിക് അധ്യാപകർ അറബിക് | |

| | | | | |
|---|---|---|---|---|
| | | | അധ്യാപകർ | |
| | അറബിക് ഡിജിറ്റൽ ആന്റ് നോർമൽ ലൈബ്രറി സജീകരിക്കുന്നു. | ജൂൺ ആദ്യവാരം | HM & അറബിക് അധ്യാപകർ | |
| | ഒഴിവ് വേളകളിൽ സാഹത്യ സമാജ പരിപാടികൾ സംഘടി പ്പിക്കുന്നു. | ആഗസ്റ്റ് - ജനുവരി ഒന്നിടവിട്ട വെള്ളിയാഴ്ച്ചകളിൽ | അറബിക് അധ്യാപകർ | 20000 |
| | വിവിധ മേഖലകളിൽ നിന്നും പ്രസദ്ധീകരിക്കുന്ന അറബി മാഗസിനുകളിൽ വിദ്യാർത്ഥിക ളുടേ സർഗ്ഗ സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിനാവശ്യ മായ നടപടികൾ കൈക്കൊള്ളു | സെപ്റ്റംബർ , ഡിസംബർ | അറബിക് അധ്യാപകർ | |
| | ദ്വൈമാസങ്ങളിൽ അറബിക് ചുമർ പത്രം പ്രസിദ്ധീകരിക്കുന്നു | ആഗസ്റ്റ് ഒക്ടോബർ ഡിസംബർ, ഫെബ്രുവരി മാസങ്ങളിൽ | അറബിക് അധ്യാപകർ | |
| | അറബിക് ഡിജിറ്റൽ ക്ലാസ്സ് റൂം തയ്യാറാക്കുന്നു | ജൂലൈ മുതൽ | HM & അറബിക് അധ്യാപകർ | 60000 |

## ഹൈസ്കൂൾ അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണത്തിന്റെ ബോധവൽക്കരണം | ക്വിസ്, ചുമർപത്രിക, റാലി, വൃക്ഷത്തൈ | ജൂൺ | ശാസ്ത്ര അധ്യാപകർ,കുട്ടികൾ, PTA | |
| ശാസ്ത്രീയാ ഭിരുചി വളർത്താൻ | ശാസ്ത്ര ക്വിസ്, പ്രൊജക്ട്, സെമിനാർ ഇവയ്ക്ക് കുട്ടികളെ തയ്യാറാക്കൽ | ജൂൺ മുതൽ നവംബർ വരെ | ശാസ്ത്ര അധ്യാപകർ | |
| ലഹരിക്കെതിരെ ബോധവൽക്കരണം | ബോധവൽക്കരണ ക്ലാസ്, വിവിധ മത്സരങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | HM, അധ്യാപകർ, കൗൺസിലിംഗ് ടീച്ചർ, PTA | |
| ശാസ്ത്ര വിഷയങ്ങളിൽ താൽപര്യം ജനിപ്പിക്കാൻ | ഫീൽഡ് ട്രിപ്പ്, വിദഗ്ധരുടെ ക്ലാസുകൾ, പഠനയാത്ര, ദിനാചരണങ്ങൾ | ജൂൺ മുതൽ ഒക്ടോബർ വരെ | HM, അധ്യാപകർ, പിടിഎ | |
| | ശാസ്ത്രപ്രദർശനം | ഒക്ടോബർ | ശാസ്ത്ര അധ്യാപകർ കുട്ടികൾ | |

# ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പുതിയകാവ്

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26 – അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എസ്.എസ്.എൽ.സി പരീക്ഷയിൽ ശാസ്ത്ര വിഷയങ്ങൾക്ക് ലഭിക്കുന്ന A+ കളുടെ എണ്ണം വർധിപ്പിക്കുക. ഏറ്റവും കുറഞ്ഞത് C+ ഗ്രേഡ് ആക്കുക. | അധ്യയന സമയത്തിനു ശേഷം സ്പെഷൽ കോച്ചിങ് നൽകുന്നു. | എല്ലാ ദിവസവും | ശാസ്ത്ര അധ്യാപകർ | |
| പരിസ്ഥിതി സൗഹൃദമായ ജീവിത ശൈലി രൂപപ്പെടുത്തുക | ബോധവത്കരണ ക്ലാസ്സുകൾ<br>ലഹരി വിരുദ്ധ ക്ലാസ്സുകൾ<br>ഊർജ സംരക്ഷണ ക്ലാസ്സുകൾ<br>ഹെൽത്ത് ക്ലാസ്സുകൾ തുടങ്ങിയവ | ഓരോ വർഷവും | വിദഗ് ദ്ധർ<br>ഡോക്ടർമാർ | പി.ടി.എ<br>പി.ടി.എ |
| | മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള പ്രോജ ക്ട്സ് ഏറ്റെടുത്ത് ചെയ്യുക. | ഓരോ വർഷവും | | |
| | പച്ചക്കറിത്തോട്ടം നിർമിക്കൽ മരങ്ങൾ, ചെടികൾ എന്നിവ വച്ചു പിടിക്കൽ | | കുട്ടികൾ, അധ്യാപകർ | പി.ടി.എ |
| | പ്ലാസ്റ്റിക് വിമുക്തമാക്കൽ | ആഴ്ചയിൽ ഒരു ദിവസം | കുട്ടികൾ | |

# ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പുതിയകാവ്
## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26– അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും വളർത്തി സമഗ്രമായ ഒരു ജീവിത ലക്ഷ്യം പൂർത്തീകരിക്കുക | ശാസ്ത്ര സംബന്ധമായ പുസ്തകങ്ങൾ വായിക്കുവാനും പരീക്ഷണങ്ങൾ ചെയ്യാനും അവസരം കൊടുക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ശാസ്ത്ര അധ്യാപകർ | |
| | ശാസ്ത്ര സംബന്ധിയായ ക്വിസ് മത്സരങ്ങൾ, പ്രോജക്ടുകൾ എന്നിവയ്ക്ക് കുട്ടികളെ തയ്യാറാക്കൽ | ഓരോ വർഷവും | അധ്യാപകർ, കുട്ടികൾ | |
| | സയൻസ് ക്ലബ്ബിന്റെ പ്രവർത്തനം വിപുലപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസം | ശാസ്ത്ര അധ്യാപകർ | |
| | വാതിൽപ്പുറ പഠനം പ്രോത്സാഹിപ്പിക്കൽ - Field Trip, മ്യൂസിയം,സ്ഥലങ്ങൾ, എന്നിവ സന്ദർശിക്കൽ. | ഓരോ വർഷവും | HM, അധ്യാപകർ, പി ടി എ | പിടിഎ, കുട്ടികൾ |
| | | വർഷത്തിലൊരിക്കൽ | വിദഗ് ദ്ധർ | പി ടി എ |
| | ശാസ്ത്ര ദിനങ്ങൾ ആചരിക്കൽ ബഹിരാകാശത്തെക്കുറിച്ചുള്ള അറിവ് നേടൽ - വാന നിരീക്ഷണം മുതലായവ. | | | |
| | ICT അധിഷ്ഠിത പഠനം പ്രോത്സാഹിപ്പിക്കൽ | വർഷത്തിലൊരിക്കൽ | കുട്ടികൾ, അധ്യാപകർ | |
| | ശാസ്ത്രപ്രദർശനം | | | |

**മേഖല -അടിസ്ഥാന ശാസ്ത്രം-യു.പി**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രത്തിൽ അഭിരുചി വളർത്തുക | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങൾ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര അധ്യാപകർ | PTA |
| പരിസ്ഥിതി സംരക്ഷണത്തിന്റെ ബോധവൽക്കരണം | ഓരോ ക്ലാസിലും ഒരു സയൻസ് കോർണർ<br>ഹെൽത്ത് ക്ലാസുകൾ, ക്വിസ്<br>വൃക്ഷത്തൈ നടൽ, റാലി<br>ഫീൽഡ് ട്രിപ്പ് | ജൂൺ<br><br>സെപ്റ്റംബർ | ശാസ്ത്ര അധ്യാപകർ, പരിസ്ഥിതി ക്ലബ്ബ് | |
| ആധുനിക കൃഷി രീതികൾ പരിചയപ്പെടാൻ | പൂകൃഷി | മൂന്ന് മാസം | ശാസ്ത്ര അധ്യാപകർ | രക്ഷിതാക്കൾ |
| കൃഷിയോട് താൽപര്യം ജനിപ്പിക്കുന്നതിന് | പച്ചക്കറിത്തോട്ടം | അക്കാദമിക്ക വർഷം | പരിസ്ഥിതി ക്ലബ് അംഗങ്ങൾ, അധ്യാപകർ | Sponsorship |

**മേഖല- അക്കാദമികം**

**ഉപമേഖല- പരിസര പഠനം**

**ക്ലാസ്- I**

| ലക്ഷ്യം | പ്രവർത്തനം | | | |
|---|---|---|---|---|
| ആഹാര ശീലങ്ങളും,ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള- പ്രദർശനം<br>നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ-<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം,<br>ഔഷധത്തോട്ടം ചുറ്റുവട്ടത്താകെ | ഡിസംബർ<br>ജനവരി | SRG<br>SMC | |

**മേഖല- അക്കാദമികം**

**ഉപമേഖല - പരിസര പഠനം**

**ക്ലാസ്- II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ<br>പോസ്റ്റർ രചന മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം<br>കാഴ്ച ബംഗ്ലാവിലേക്ക്<br>കാണാൻ കാഴ്ചകൾ | സെപ്റ്റംബർ<br>ഡിസംബർ | ടീച്ചേഴ്സ്<br>SRG<br>SMC | SMC |
| നാടറിയാൻ– നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം<br>കൃഷിയിടത്തിലേക്ക്<br>നമുക്കും കർഷകരാകാം | ജനവരി | SRG<br>SMC<br>നാട്ടുകാർ | |

**മേഖല - അക്കാദമികം**

**ഉപ മേഖല - പരിസര പഠനം**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br><br>ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പ് തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അധ്യാപകർ<br><br>അധ്യാപകർ | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ- വൈവിധ്യ പാർക്ക്, തടയണ, മഴക്കുഴി നിർമ്മാണം, ജലസ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br><br>ഡിസംബർ | അധ്യാപകർ | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

## പരിസര പഠനം - (std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം- അറിവുനിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |

### ശാസ്ത്ര മൂല

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |

### ശാസ്ത്ര യാത്ര

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ – അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്രമെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |

**ഭൂപടം ഒരുക്കാം**

| | | | | |
|---|---|---|---|---|
| കേരളം- ഇന്ത്യ- ഭൂപട വായന -സൂചിക- പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചിക നിർമ്മാണം | വർഷത്തിലൊന്ന് | SRG<br>Class Teaher | PTA |

**ശാസ്ത്ര വിസ്മയ ചുമർ**

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കാൻ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ,ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കും | ആവശ്യാനുസരണം | SRG<br>ക്ലാസ്സ്ടീച്ചർ | PTA |

**ശാസ്ത്രോത്സവം**

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

**ശാസ്ത്ര മാസിക**

| | | | | |
|---|---|---|---|---|
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ്ടീച്ചർ | PTA |

**മേഖല: യു പി സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലഹരിക്കെതിരെ ബോധവൽക്കരണം | ബോധവൽക്കരണ ക്ലാസ്, പോസ്റ്റർ മേക്കിങ് | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual field Trip<br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | June to August | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | ചരിത്രപ്രധാനമായ സ്ഥലങ്ങൾ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുന്നു.<br>ഫീൽഡ് ട്രിപ്പ് | നവംബർ | | |
| സാമൂഹ്യ ശാസ്ത്രവിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | റിവേഴ്സ് ക്വിസ്<br>ചോദ്യോത്തര വേളകൾ | ജൂൺ - ഫെബ്രുവരി | സാമൂഹ്യ ശാസ്ത്ര ക്ലബ് | PTA |
| വിവരവിനിമയസാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ച് വിദ്യാർഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഭൂപട വായന കുട്ടികളിൽ വളർത്തുക<br><br>ഇന്ത്യൻ സംസ്കാരവും പാരമ്പര്യവും പരിചയപ്പെടുക | റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു<br>Atlas making<br>ജിപ്സോ പസിൽ<br><br>വീഡിയോ പ്രദർശനം<br><br>വിവിധ സംസ്ഥാനത്തെ കലാരൂപങ്ങൾ ഇന്ത്യയുടെ മാപ്പിൽ ഒട്ടിക്കൽ | ജനുവരി<br><br>ജൂൺ മുതൽ ഫെബ്രുവരി വരെ | സാമൂഹ്യശാസ്ത്ര അധ്യാപകൻ<br><br>സാമൂഹ്യ ശാസ്ത്ര ക്ലബ്<br><br>സാമൂഹ്യ ശാസ്ത്ര ക്ലബ് അംഗങ്ങൾ | PTA<br>ഓൾഡ് സ്റ്റുഡൻസ് |

**മേഖല - സാമൂഹ്യശാസ്ത്രം( ഹൈസ്കൂൾ)**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളിൽചരിത്ര അപബോധം ഉണ്ടാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുക ചരിത്ര പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുക<br>സ്കൂൾ പാർലമെന്റ്, | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| ജനാധിപത്യം ഒരു ജീവിത രീതിയാക്കി മാറ്റിയെടുക്കുക | പൗരബോധം,സാമൂഹ്യബോധം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുക | പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി | ചർച്ചകൾ, അഭിമുഖം, ക്ലാസുകൾ എന്നിവയിലൂടെ ആശയങ്ങൾ | നിശ്ചയിച്ച | സാമൂഹ്യശാസ്ത്ര | സ്കൂൾ കുട്ടികൾ, സുമനസ്സുകൾ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക | കുട്ടികളിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | തീയതികളിൽ | അധ്യാപകർ | |
| ഭൂപട വായന കുട്ടികളിൽ വളർത്തുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കാൻ കുട്ടികൾ സഹായിക്കുന്നു. അറ്റ്ലസ് മേക്കിങ്, മാപ്,ഗ്ലോബ് എന്നിവ പരിചയപ്പെടുത്തുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവ നടത്തുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

**മേഖല- അക്കാദമികം**

**ഉപമേഖല- ഗണിതം**

**ക്ലാസ്- I**

| ലക്ഷ്യം | പ്രവർത്തനം | | | |
|---|---|---|---|---|
| കുട്ടികളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിന ക്യാമ്പ്<br><br>3) ഗണിത ക്യാമ്പ്<br>ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ-മാർച്ച്<br>സെപ്റ്റംബർ<br><br>മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br><br>SRG<br><br>Class Teacher | SSA |

**മേഖല- അക്കാദമികം**

**ഉപമേഖല- ഗണിതം**

**ക്ലാസ് - II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ )<br><br>ഗണിത ക്യാമ്പ് ( ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്നു വീതം<br><br>മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ<br><br>SRG | SSA |

മേഖല – അക്കാദമികം

ഉപ മേഖല – ഗണിതം

ക്ലാസ് – III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജാമതീയ സൗന്ദര്യം തിരിച്ചറിയാം | ഓർഗാമി ശില്പശാല<br><br>രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും<br><br>ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | SSA<br>STAFF<br>SMC |

## ഗണിതം - (std IV)

### കളിക്കാം... ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ( ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം ( ഏണിയും പാമ്പും, ഡയസ് കളി) സങ്കലനം വ്യവകലനം ( കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |

### ഒറിഗാമിയിലൂടെ പഠിക്കാം

| | | | | |
|---|---|---|---|---|
| ഗണിതശാസ്ത്രപഠനം രസകരമാക്കൽ- കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം | വർഷത്തിലൊരിക്കൽ( ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |

### ഗണിത ലാബ്

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

### ഗണിത ചുമർ

| | | | | |
|---|---|---|---|---|
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരിക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Class Teacher | PTA |

## ഗണിത പഠനോപകരണ ശില്പശാല

| | | | | |
|---|---|---|---|---|
| പഠനോപകരണളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി പഠനോപകരണങ്ങളുടെ നിർമ്മാണം – പ്രദർശനം | ആവശ്യാനുസരണം | SRG<br>ക്ലാസ്സ്ടീച്ചർ | PTA |

**ഗണിത മേള**

| | | | | |
|---|---|---|---|---|
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG<br>ക്ലാസ് ടീച്ചർ | PTA |

## <u>മേഖല- ഗണിതം-യു. പി</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാനം ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാല<br>കളി രീതിയിലുള്ള അടിസ്ഥാന കൃതികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു ( നമ്പർകാർഡ്,മഞ്ചാടിക്കുരു,മുത്തുകൾ....) | ജൂൺ മാസം | ഗണിത അധ്യാപകർ ) | |

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമ മാക്കൽ | വിദ്യാലയത്തിലെ ഒരു മുറി ഗണിത ലാഭായി സജ്ജമാക്കൾ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തും | ആവശ്യാനുസരണം | ഗണിത അധ്യാപകർ, ഗണിത ക്ലബ് അംഗങ്ങൾ | |
| ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐടി സാധ്യതകളിലൂടെ ജാമിതീയ രൂപങ്ങൾ, ചതുഷ്കിയകൾ ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിലെത്തിക്കുന്നു | ഗണിത ക്ലിനിക്ക്<br><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗം നിർദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു<br><br>പസിൽ, ഫ്ലാഗ് നിർമ്മാണം, ഗണിത | ആഴ്ചയിൽ ഒരു പിരീഡ്<br><br>വാർഷികം | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും<br><br>ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഗണിതം രസകരമാക്കൽ | അസംബ്ലി,<br>ഗണിത കേളികൾ<br><br>ഗണിത ലൈബ്രറി | | | PTA |

**മേഖല- ഗണിതം( ഹൈസ്കൂൾ)**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ അടിസ്ഥാന കൈവരിക്കൽ ഗണിത ആശയങ്ങൾ ഉറപ്പിക്കൽ | 8,9 ക്ലാസിലെ കുട്ടികളെ തെരഞ്ഞെടുത്ത്<br>Peer group learning, mathematics clinic | ജൂൺ<br>ജൂലൈ | ഗണിത ക്ലബ്ബ് | PTA |
| ഗുണനപട്ടിക ഉറപ്പിക്കൽ | എട്ടാം ക്ലാസിൽ തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉൾപ്പെടുത്തി ഘടകത്തിൽ പിന്നോക്കലിന് കുട്ടികളും മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രവർത്തനങ്ങൾ (WORKSHEET) | ജൂൺ, ജൂലൈ ആഗസ്റ്റ് | ഗണിതശാ അധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ | സ്കൂൾ പൂർവവിദ്യാർത്ഥികൾ |
| ഗണിതത്തിൽ gifted students നുള്ള പ്രത്യേക പരിശീലനം | 8,9,10 ക്ലാസിലെ തെരഞ്ഞെടുത്ത കുട്ടികൾക്ക്<br>പ്രോജക്ട്, സെമിനാർ, Hardspot questions ഇവ നൽകുന്നു | വാർഷികം | ഗണിത അധ്യാപകർ | PTA |
| ഗണിതം രസകരമാക്കൽ | Puzzles, ഗണിത സ്റ്റാൾ, flag നിർമ്മാണം | വാർഷികം | ഗണിത ക്ലബ്ബ് അംഗങ്ങൾ,ഗണിത | PTA<br><br>ഓൾഡ് സ്റ്റുഡൻസ്, |

| | | | | |
|---|---|---|---|---|
| ഗണിത ദിനാചരണങ്ങൾ, മത്സര പരീക്ഷകൾക്ക് തയ്യാറാക്കുന്നവർക്കായി പരിശീലനം | ഗണിത അസംബ്ലി<br>ഗണിത പാർക്ക്<br><br>സ്പെഷ്യൽ അസംബ്ലി<br>ക്വിസ്<br>സ്പെഷ്യൽ ക്ലാസ് | 2 വർഷം<br><br>വാർഷികം | അധ്യാപകൻ<br><br>ഗണിത ക്ലബ്ബ്<br><br>ഗണിത ക്ലബ്ബ്<br>ഗണിത അധ്യാപകർ | സന്നദ്ധ സംഘടനകൾ<br><br>PTA |

| **ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പുതിയകാവ്**<br>**അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26– ആർട്ടിഫിഷൽ ഇന്റലിജൻസ്** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ കുറിച്ചുള്ള പൊതു അവബോധം വളർത്തുക.<br><br>ഒരു വിദ്യാർത്ഥി അടിസ്ഥാനപരമായി, അതിനെ പരിചയപ്പെടാനും അതു വഴി ജോലീഭാരം കുറക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.<br><br>ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള ആളുകൾക്ക് AI യുടെ സഹായം ഇത് ലക്ഷ്യമിടുന്നു. | വിദ്യാർത്ഥികൾക്ക് Picto Blox പാക്കേജും വിഷ്വൽ പ്രോഗ്രാമിംഗ് പഠിപ്പിക്കുന്ന സ്ക്രാച്ച് സോഫ്റ്റ്വെയറും പരിചയപ്പെടുത്തൽ.<br><br>പ്രോഗ്രാമിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് തുടങ്ങിയവ പരിശീലിക്കുവാൻ സ്കൂൾ ഐ ടി ക്ലബ്ബ് (ലിറ്റിൽ കൈറ്റ്സ്) കുട്ടികളെ സഹായിക്കും.<br><br>പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സാങ്കേതിക വിഭാഗമായ കൈറ്റിന്റെ സഹായത്തോടുകൂടി എല്ലാ സോഫ്റ്റ്വെയറുകളും സ്കൂളുകളിൽ വിന്യസിച്ചിരിക്കുന്ന ലാപ്ടോപ്പുകളിൽ ലഭ്യമാക്കിയിട്ടുണ്ട് | ഓരോ വർഷവും | സ്കൂൾ ഐ ടി ക്ലബ്ബ് | കൈറ്റ്, പി ടി എ |

**മേഖല: തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തുണിയിൽ ചിത്രം വരക്കുന്ന കഴിവ് നേടുന്നു<br>സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നു. | ഫാബ്രിക് പെയിന്റിംഗ് | അക്കാദമിക വർഷം | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | PTA |
| ആവശ്യമായ നോട്ട്ബുക്കുകൾ സ്വന്തമായി നിർമ്മിക്കുന്നതിനുള്ള കഴിവ് നേടുന്നു. | നോട്ട്ബുക്ക് നിർമ്മാണം | അക്കാദമിക വർഷം | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | രക്ഷിതാക്കൾ |
| കൃഷിയോട് താൽപര്യം വർദ്ധിപ്പിക്കുന്നതിന് | ഔഷധ തോട്ടം നിർമ്മിക്കൽ | അക്കാദമിക വർഷം | വർദ്ധി എക്സ്പീരിയൻസ് ടീച്ചർ, ശാസ്ത്ര അധ്യാപകർ | |

## സ്കൂൾതല മാസ്റ്റർ പ്ലാൻ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലം |
|---|---|---|---|---|
| സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ | പുതിയ സ്കൂൾ കെട്ടിടം നിർമ്മാണം | 2 വർഷം | സ്കൂൾ വികസന സമിതി<br>HM<br>PTA | 2 കോടി<br>GOVERMENT |
| | പുതിയ ഇരിപ്പിടങ്ങൾ | 1 വർഷം | PTA | സ്പോൺസർഷിപ്പ് |
| മികച്ച യാത്ര സൗകര്യം | പുതിയ സ്കൂൾ ബസ് | 1 വർഷം | PTA<br>STAFF | MLA/MP |

# THANK YOU

എസ് ആർ ജി കൺവീനർ

NIKITHA V N